**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണം - 12-ാം പഞ്ചവൽസര പദ്ധതി - സംസ്ഥാനതല ഉദ്ഘാടനം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം.3118/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 09.11.2012.

===========================================================

**പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ കത്ത് നമ്പർ ജി2-32754/12 തീയതി: 06.11.2012.**

## ഉത്തരവ്

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ ഉദ്ഘാടനം **കോഴിക്കോട് ജില്ലയിൽ** വച്ച് 10.11.2012-ൽ നടക്കുകയാണെന്നും പ്രസ്തുത പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് ചെലവാകുന്ന തുക സ്വരൂപിക്കുന്നതിന് **കോഴിക്കോട് ജില്ലയിലെ** ഗ്രാമ പഞ്ചായത്തുകളിൽ നിന്നും വടകര, കൊയിലാണ്ടി മുൻസിപ്പാലിറ്റികളിൽ നിന്നും കോഴിക്കോട് കോർപ്പറേഷനിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകാവുന്നതാണെന്നു പരാമർശം കത്തിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ പ്രസ്തുത വിഷയം പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണം പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് ജില്ലയിൽ നടത്തുന്നതിനുള്ള ചെലവിന്റെ സമാഹരണത്തിനായി പ്രസ്തുത പരിപാടിയുടെ കൺവീനറായ കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക്, **കോഴിക്കോട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പരമാവധി രൂപ 2500/-** (രണ്ടായിരത്തി അഞ്ഞൂറ് രൂപ) നിരക്കിലും **വടകര, കൊയിലാണ്ടി നഗരസഭകളിൽ നിന്നും പരമാവധി രൂപ 5000/-** (അയ്യായിരം രൂപ) നിരക്കിലും **കോഴിക്കോട് കോർപ്പറേഷനിൽ നിന്നും പരമാവധി രൂപ 10,000/-** (പതിനായിരം രൂപ)

**അവരുടെ കമ്മിറ്റി / കൗൺസിൽ തീരുമാനത്തിനു വിധേയമായി തനത് ഫണ്ടിൽ നിന്നും** കൈമാറുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ശരത്ചന്ദ്രൻ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്. (ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ഈ ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതാണ്)
മേയർ / സെക്രട്ടറി, കോഴിക്കോട് നഗരസഭ.
ചെയർപേഴ്സൺ / സെക്രട്ടറി, വടകര / കൊയിലാണ്ടി നഗരസഭ.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ധനകാര്യ (എസ്.എഫ്.സി-ഡി) വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.